**ചെയർമാൻ ജില്ലാദുരന്തനിവാരണ അതോറിറ്റി& ജില്ലാകളക്ടർ കോഴിക്കോടിന്റെ നടപടിക്രമം**
**(ഹാജർ : എ ഗീത ഐ.എ.എസ് )**

വിഷയം : നിപ്പ വൈറസ് വ്യാപനം – നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് .
സൂചന : ബഹു.ആരോഗ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ15/09/2023 ന് നടന്ന യോഗത്തിലെ തീരുമാനം.

**ORDER NO: DCKKD/9827//2023/F4 Date: 15/09/2023**

കോഴിക്കോട് ജില്ലയിൽ നിപ്പ വൈറസ് രോഗം ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട് . നിപ്പ വൈറസ് ബാധക്കെതിരായ മുൻകരുതലുകളെ കുറിച്ചും രോഗവ്യാപനം തടയുന്നതിനുള്ള പ്രതിരോധ നടപടികളെ കുറിച്ചും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിപ്പ മാനേജ്മെന്റ് പ്ലാൻ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബഹു.ആരോഗ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15/09/2023 ന് ചേർന്ന യോഗത്തിൽ രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലത്തും സമീപപ്രദേശത്തും നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2021 ലെ കേരള എപ്പിഡമിക് ആക്ട് സെക്ഷൻ 3 & 4 പ്രകാരം പകർച്ചവ്യാധി പടരുന്നത് തടയാനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടർ കൂടിയായ എ. ഗീത ഐ.എ.എസ് എന്ന ഞാൻ 2005 ലെ ദുരന്ത നിവാരണനിയമം സെക്ഷൻ 26,30 34 പ്രകാരം താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു .

**ഉത്തരവ്**

- കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറഷനിലെ 46 ാം വാർഡായ ചെറുവണ്ണൂരിൽ ഒരു വ്യക്തിക്ക് നിപ്പ വൈറസ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ഈ സാഹചര്യത്തിൽ സമ്പർക്കം വഴി രോഗം മറ്റുള്ളവരിലേക്ക് പകരാതിരിക്കാനും രോഗിയുമായി സമ്പർക്കമുള്ളവർ സമൂഹത്തിലെ മറ്റുള്ളവരിലേക്ക് പകരുന്നത് തടയാനും കർശന നടപടി ആവശ്യമാണ് . ആയതിനാൽ പ്രസ്തുത വ്യക്തി താമസിക്കുന്ന പ്രദേശത്ത് നിന്നും 5 കി. മീറ്റർ ചുറ്റളവിൽ കണ്ടെയിൻമെന്റ് സോൺ ആയി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്ത്തിൽ താഴെ പറയുന്ന വാർഡുകൾ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

➔ കോഴിക്കോട് കോർപ്പറേഷൻ 43,44,45,46,47,48,51 വാർഡ് മുഴുവൻ ,

➔ ഫറോക്ക് മുൻസിപ്പാലിറ്റി എല്ലാ വാർഡുകളും

- നിയന്ത്രണങ്ങളിൽ ഏറ്റവും പ്രധാനം കണ്ടെയിൻമെന്റ് സോണായ മേൽ പ്രദേശങ്ങളിൽനിന്ന് അകത്തേക്കോ പുറത്തേക്കോ യാത്ര ചെയ്യാൻ അനുവദിക്കുകയില്ല (Strict perimeter control)
- പ്രസ്തുത വാർഡുകളിൽ കർശനമായ ബാരികേഡിംഗ് നടത്തേണ്ടതാണ് . ഇക്കാര്യം പോലീസും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ് .

- ഭക്ഷ്യവസ്തുക്കളും മരുന്നുകളും ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങൾ മാത്രമെ അനുവദനീയമായിട്ടുള്ളു. പ്രവർത്തന സമയം രാവിലെ 07 മണി മുതൽ വൈകുന്നേരം 05 മണി വരെ മാത്രം. മരുന്ന് ഷോപ്പുകൾക്കും മറ്റു ആരോഗ്യ കേന്ദ്രങ്ങൾക്കും സമയപരിധിയില്ല.
- തദ്ദേശസ്വയംഭരണ സ്ഥാപനവും/ വില്ലേജ് ഓഫീസുകളും മിനിമം ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കേണ്ടതും എന്നാൽ സർക്കാർ -അർദ്ധസർക്കാർ-പൊതുമേഖല - ബാങ്കുകൾ,സ്കൂളുകൾ,അങ്കണവാടികൾ എന്നിവ ഉൾപ്പെടെ മറ്റൊരു സ്ഥാപനവും ഇനിയൊരുത്തരവുണ്ടാവുന്നത് വരെ തുറന്ന് പ്രവർത്തിക്കാൻ പാടുള്ളതല്ല.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും , വില്ലേജുകളിലും പൊതുജനങ്ങൾ എത്തുന്നത് തടയേണ്ടതും പരമാവധി ഓൺലൈൻ സേവനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുമാണ് .
- മേൽപറഞ്ഞിരിക്കുന്ന വാർഡുകളിലെ പൊതുപ്രവേശന റോഡുകളിലൂടെയുള്ള വാഹന ഗതാഗതം നിരോധിക്കേണ്ടതാണ്. നാഷണൽ ഹൈവേ /സ്റ്റേറ്റ് ഹൈവേ വഴി യാത്ര ചെയ്യുന്നവരും ഈ വഴിയുള്ള ബസുകളും മേൽ പറഞ്ഞിരിക്കുന്ന വാർഡുകളിൽ ഒരിടത്തും വാഹനം നിർത്താൻ പാടുള്ളതല്ല. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ റീജിണൽ ട്രാൻസ്പോർട്ട് ഓഫീസറും, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറും നൽകേണ്ടതാണ് .
- കണ്ടെയ്ൻമെന്റ് സോൺ ആയി പ്രഖ്യാപിക്കപ്പെട്ട മേൽ പ്രദേശങ്ങളിൽ സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക് ,സാനിറ്റൈസർ എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്.
- ഒരുതരത്തിലുമുള്ള കൂടിച്ചേരലുകൾ , യോഗങ്ങൾ ,പൊതുപരിപാടികൾ എന്നിവ അനുവദിക്കുന്നതല്ല.
- ആശുപത്രികളിൽ സന്ദർശകരെ അനുവദിക്കുന്നതല്ല.
- സർക്കാർ ഓഫീസുകളിൽ ജീവനക്കാർക്ക് Work from Home സംവിധാനം ഒരുക്കേണ്ടതാണ്.
- കണ്ടെയ്ൻമെന്റ് സോണുകളിൽ താമസിക്കുന്നവരും മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരും ആയവർക്ക് ഈ സൗകര്യം ഏർപ്പെടുത്താൻ ഓഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
- ദേശങ്ങളിൽ നിയന്ത്രിതമായ രീതിയിൽ സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
- സന്നദ്ധ പ്രവർത്തനത്തിന് നിയോഗിക്കപ്പെടുന്നവർക്ക് ഐഡി കാർഡ് ബന്ധപ്പെട്ട SHO നൽകേണ്ടതാണ് സന്നദ്ധപ്രവർത്തകരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് പോലീസിന് കൈമാറേണ്ട .
- പൊതു പാർക്കുകൾ , ബീച്ചുകൾ എന്നിവയിൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.
- മൃഗസംരക്ഷണ വകുപ്പ് നിരീക്ഷണവും ബോധവൽക്കരണവും ശക്തമാക്കേണ്ടതാണ്.
- വവ്വാലുകളുടെ താവളമായ കെട്ടിടങ്ങൾ പ്രദേശങ്ങൾ എന്നിവ കർശന പരിശോധനകൾക്ക് വിധേയമാക്കണം.
- വവ്വാലുകളുടെ സാന്നിധ്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾ പ്രവേശിക്കുന്നതും വളർത്തുമൃഗങ്ങളെ മേയാൻ വിടുന്നതും കർശനമായി തടയേണ്ടതാണ്.

- പന്നി വളർത്തു കേന്ദ്രങ്ങളിൽ പന്നികൾക്ക് രോഗലക്ഷണങ്ങൾ കാണുകയോ അസാധാരണമായ മരണനിരക്ക് ഉയരുകയോ ചെയ്താൽ അടുത്തുള്ള മൃഗാശുപത്രികളിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

- വവ്വാലുകളും പന്നികളും ഉൾപ്പെടെയുള്ള വന്യ ജീവികളുടെ ജഡം ഒരു കാരണവശാലും സ്പർശിക്കാൻ പാടില്ല..

ഈ ഉത്തരവിന് 16/09/2023 മുതൽ പ്രാബല്യമുണ്ടായിരിക്കും.

ചെയർമാൻ

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാകളക്ടർ

പകർപ്പ് :

1. ജില്ലാപോലീസ് മേധാവി, കോഴിക്കോട് സിറ്റി, കോഴിക്കോട് .
2. ജില്ലാപോലീസ് മേധാവി, കോഴിക്കോട് റൂറൽ, കോഴിക്കോട് .
3. ജില്ലാമെഡിക്കൽ ഓഫീസർ (ആരോഗ്യം) , കോഴിക്കോട് .
4. സെക്രട്ടറി , കോഴിക്കോട് കോർപ്പറേഷൻ.
5. സെക്രട്ടറി , ഫറോക്ക് മുനിസിപ്പാലിറ്റി.
6. തഹസിൽദാർ , കോഴിക്കോട് .
7. ജോയിന്റ് ഡയറക്ടർ പഞ്ചായത്ത് , കോഴിക്കോട്
8. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ,കോഴിക്കോട് .